# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2752 — 14.02.2013 ൽ മറുപടിയ്ക്ക്

## കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീമതി. കെ.കെ.ലതിക | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടത്തി വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) 1) കുളങ്ങളുടെ നവീകരണത്തിനായി താഴെപറയുന്ന രണ്ട് പദ്ധതികൾ നിലവിലുണ്ട്.<br>i) കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം.<br>ii) ഒരു പഞ്ചായത്തിൽ ഒരു കുളത്തിന്റെ നവീകരണം.<br>2) തോടുകൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലാകാലങ്ങളിൽ നവീകരണ പ്രവൃത്തികൾ നടത്തി വരുന്നു. |
| (ബി) 2012-13 വർഷത്തിൽ ഇക്കാര്യത്തിൽ എത്ര തുക അനുവദിച്ചു എന്നും അനുവദിച്ചതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) 2012-13-ലെ ബഡ്ജറ്റിൽ കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി 35 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>ഒരു പഞ്ചായത്തിലെ ഒരു കുളം പദ്ധതിയ്ക്കായി 2012-13-ലെ ബഡ്ജറ്റ് സ്പീച്ചിൽ 47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. |
| (സി) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ പ്രസ്തുത ഇനത്തിൽ ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തതെന്നും എത്ര തുക അനുവദിച്ചുവെന്നും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ ? | (സി) കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം സംബന്ധിച്ച പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ